# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: K.S.A/KLM/P4/506/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 17/03/2021
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: K.S.A/KLM/P4/506/2021 തീയ്യതി: 17/03/2021

## കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-07-2019 മുതൽ 28-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 17-07-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.സൈമൺ | ഡെപ്പ്യൂട്ടി ഡയറക്ടർ | 02-03-2021 | 10-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-03-2021 | 10-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. നവീൻ ചന്ദ്രൻ (ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)) 2-3-21 മുതൽ 10-3-21 വരെ
ശ്രീമതി പത്മകുമാരി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) 2-3-21 മുതൽ 10-3-21 വരെ
ശ്രീമതി അമ്പിളി(സീനിയർ ഗ്രേഡ് ഓഡിറ്റർ) 2-3-21 മുതൽ 10-3-21 വരെ
ശ്രീമതി ജയകുമാരി അമ്മ(സീനിയർ ഗ്രേഡ് ഓഡിറ്റർ) 6-3-21 മുതൽ 10-3-21 വരെ
ശ്രീമതി വിഷ്ണുപ്രിയ(ഓഡിറ്റർ) 2-3-21മുതൽ 3-3-21 വരെ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. എ.ഷീല | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി റാണി. എൽ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 30-04-2019 |
| ശ്രീ. സുനീഷ് കുമാർ | സെക്രട്ടറി | 01-05-2019 | 08-11-2019 |
| ശ്രീമതി റാണി. എൽ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-11-2019 | 13-12-2019 |
| ശ്രീ. സുനീഷ് കുമാർ | സെക്രട്ടറി | 14-12-2019 | 10-01-2020 |
| ശ്രീമതി റാണി. എൽ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-01-2020 | 19-02-2020 |
| ശ്രീ. സുനീഷ് കുമാർ | സെക്രട്ടറി | 20-02-2020 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നീതു ചന്ദ്രൻ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 03-08-2019 |
| ശ്രീമതി സബീനാ എം. | അസിസ്റ്റന്റ് എൻജിനീയർ | 04-08-2019 | 31-03-2020 |
| ശ്രീമതി റാണി.എൽ.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി തൻസി ഷെരീഫ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. നിഷാ പി. ഹരി | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2019 | 02-04-2019 |
| ഡോ. സീമാ. കെ.റ്റി | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 03-04-2019 | 30-04-2019 |
| ഡോ. രജനി. ആർ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-05-2019 | 31-03-2020 |
| ഡോ. അനിതാ.എ. | മെഡിക്കൽ ഓഫീസർ ആയൂർവേദം | 01-04-2019 | 31-03-2020 |
| ോഡോ.മിനി.വി.ആർ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി രമ്യ | ഡയറി ഫാം ഇൻസ്ടക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സഫിയ.എൻ.പി | ഐ.സി.ഡി.എസ്.സൂ | 01-04-2019 | 30-11-2020 |

| | | | |
|---|---|---|---|
| | പ്പർവൈസർ | | |
| ശ്രീമതി നിത്യാ. സി.നാഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-12-2019 | 31-03-2020 |
| ശ്രീമതി.ഗീതാഭായി തങ്കച്ചി | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീ.സുമേഷ്.റ്റി | വി.ഇ.ഒ( സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീമതി.സന്ധ്യ.റ്റി | വി.ഇ.ഒ( സർക്കിൾ) | 01-04-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayakumari Amma G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-2.1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: G.Ambili (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: G.Ambili (Senior Grade Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-4 |
| 6 | വികസനഫണ്ട്(ജനറൽ) 230088/- രൂപാ ലാപ്സായി .<br>Written By: G.Ambili (Senior Grade Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-4.1 |
| 7 | വികസനഫണ്ട്(എസ്.സി.പി. ) 4092740/- രൂപാ ലാപ്സായി.<br>Written By: G.Ambili (Senior Grade Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-4.2 |
| 8 | ധനകാര്യകമ്മീഷൻ ഗ്രാന്റ് 515011/- രൂപാ ലാപ്സായി.<br>Written By: G.Ambili (Senior Grade Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-4.3 |
| 9 | മെയിന്റനൻസ് ഗ്രാന്റ് 3225698/- രൂപാ ലാപ്സായി .<br>Written By: G.Ambili (Senior Grade Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-4.4 |
| 10 | കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം- ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത<br>Written By: G.Ambili (Senior Grade Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-4.5 |
| 11 | പദ്ധതി അവലോകനം<br>Written By: G.Ambili (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: G.Ambili (Senior Grade Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-6 |
| 13 | ക്ഷേമ പദ്ധതികൾ<br>Written By: G.Ambili (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-7 |
| 14 | ക്യാഷ് പരിശോധന<br>Written By: G.Ambili (Senior Grade Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം<br>Written By: Naveen Chandran (Audit Officer, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Naveen Chandran (Audit Officer, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-10 |
| 17 | 43ാം നമ്പർ അങ്കണവാടിയുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി പണി പൂർത്തീകരിച്ചില്ല | 1-11 |

| | | |
|---|---|---|
| | Written By: G.Ambili (Senior Grade Auditor, On 10-03-2021)<br>Last Updated By: Naveen Chandran (Audit Officer, On 16-03-2021) | |
| 18 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ -ൽ നിന്നും 7,231/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല<br>Written By: Naveen Chandran (Audit Officer, On 06-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-12 |
| 19 | പി. ഡബ്ല്യൂ.ഡി .ഡെപ്പോസിറ്റ് പ്രവൃത്തി-വിനിയോഗ രേഖ ഇല്ല- 1,78,217/രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Naveen Chandran (Audit Officer, On 06-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-13 |
| 20 | കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges കുറവ് ഈടാക്കി<br>Written By: Naveen Chandran (Audit Officer, On 08-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-14 |
| 21 | ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Naveen Chandran (Audit Officer, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-15 |
| 22 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം-നടപടിക്രമത്തിലെ അപാകത<br>Written By: Jayakumari Amma G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 17-03-2021) | 1-16 |
| 23 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- 6 ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല.<br>Written By: Padmakumari L (Asst. Audit Officer, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-17 |
| 24 | പെറ്റി വർക്ക് ഫയൽ ഹാജരാക്കിയിട്ടില്ല<br>Written By: G.Ambili (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-18 |
| 25 | ഭവനപുനരുദ്ധാരണം-പണി പൂർത്തിയാക്കിയില്ല<br>Written By: G.Ambili (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-19 |
| 26 | ടാർജറ്റ് മസൂറി സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റർ-പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-20 |
| 27 | ഘൂങ്ഗ്രൂ ഓർ ഘൊരാനാ ഹിന്ദുസ്ഥാനി കലാപഠനകേന്ദ്രം-പഞ്ചായത്തിലെ ഒരു ഗുണഭോക്താവ് പോലും പരിശീലനത്തിൽ പങ്കെടുത്തില്ല.<br>Written By: Padmakumari L (Asst. Audit Officer, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-21 |
| 28 | പച്ചക്കുതിര (സ്പിൽ ഓവർ) -തുണി സഞ്ചികൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും 50% തുക ഈടാക്കിയതിന്റെയും രേഖകൾ ഹാജരാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-22 |
| 29 | സ്വന്തമായി കെട്ടിടമുള്ള ലൈബ്രറികൾക്ക് മൈക്ക് സെറ്റ്-അനുബന്ധരേഖകൾ ഹാജരാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-23 |
| 30 | തെരുവുവിളക്കു പരിപാലനം-അടാട്ട് മോഡൽ 2019-20<br>Written By: Padmakumari L (Asst. Audit Officer, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-24 |
| 31 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 10-03-2021) | 1-25 |

| | | |
|---|---|---|
| | Last Updated By: Naseer S (Computer Assistant, On 16-03-2021) | |
| 32 | ലൈഫ് ഭവനനിർമ്മാണ പദ്ധതി -പണി പൂർത്തീകരിച്ചിട്ടില്ല<br>Written By: G.Ambili (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-26 |
| 33 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-27 |
| 34 | സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 16-03-2021) | 1-28 |
| 35 | ഇ-ടെണ്ടർഫോറം വില ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 17-03-2021) | 1-29 |
| 36 | 10-ാം തരം തുല്യത പരീക്ഷ-രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 17-03-2021) | 1-30 |
| 37 | 12-ാം തരം തുല്യത പരീക്ഷ-രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 17-03-2021) | 1-31 |
| 38 | നിലവാരമില്ലാത്ത നിർമ്മാണ പ്രവൃത്തി-പരാതിയിൻമേൽ തുടർനടപടികൾ സ്വീകരിച്ചില്ല-കരാർ കാലാവധി ലംഘിച്ചു-പിഴ ഈടാക്കിയില്ല<br>Written By: Naveen Chandran (Audit Officer, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 17-03-2021) | 1-32 |
| 39 | ദേശീയ തൊഴിൽ ഉറപ്പ് പദ്ധതി –കുളം നിർമ്മാണം -സ്ഥലമുടമ കുളം നികത്തി വീട് നിർമ്മിക്കുന്നു-നടപടി സ്വീകരിച്ചില്ല- 56,762/-രൂപ പാഴ്ചെലവായി<br>Written By: Naveen Chandran (Audit Officer, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 17-03-2021) | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ദേശീയ തൊഴിൽ ഉറപ്പ് പദ്ധതി –കുളം നിർമ്മാണം -സ്ഥലമുടമ കുളം നികത്തി വീട് നിർമ്മിക്കുന്നു-നടപടി സ്വീകരിച്ചില്ല- 56,762/-രൂപ പാഴ്ചെലവായി<br>Written By: Naveen Chandran (Audit Officer, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 17-03-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 17-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 17-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 17-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 17-03-2021) | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayakumari Amma G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 17-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jayakumari Amma G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 17-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayakumari Amma G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 17-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 17-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 17-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 17-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 17-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | അനുബന്ധപത്രികകൾ | |

## ഭാഗം -1

### 1-1 ബജറ്റ്.

28.2.2019തീയതിയിലെ 1(1)നം. തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

തൊഴിൽ നികുതി രജിസ്റ്ററിൽ ഡി.സി.ബി സ്റ്റേറ്റ് മെന്റ് ചേർത്തിട്ടില്ല.

### 1-2.1 വാർഷിക കണക്കുകളിലെ അപാകതകൾ

1) മുൻകൂർ നൽകിയ തുക സമയബന്ധിതമായി ക്രമീകരിക്കാൻ നടപടിയില്ല.
അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസർ എന്ന ഹെഡിൽ (460500501) ചേർത്തിരിക്കുന്ന 55388/- രൂപാ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.
2) അദർ റവന്യൂ ഗ്രാന്റ് എന്ന ഹെഡിൽ (160100799) ചേർത്തിരിക്കുന്ന 8822/- രൂപയുടെ വരവ് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.
3) 160300102 എന്ന ഹെഡിൽ ചേർത്തിരിക്കുന്ന Contributions Towards Joint Venture Projects From Block Panchayats എന്ന ഹെഡിൽ ചേർത്തിര്ക്കുന്ന 7,71,749/- രൂപയുടെ വരവിന്റെ രേഖകൾ ലഭ്യമാക്കിയില്ല.
4) 320200399 എന്ന ഹെഡിൽ 58,00,000/- രൂപാ ലൈഫ് ഭവനനിർമ്മാണത്തിന്റെ സ്റ്റേറ്റ് ഷെയർ വന്നതായി രേഖപ്പെടുത്തി. എന്നാൽ വി.ഇ.ഒയുടെ രജിസ്റ്റർ പ്രകാരം 62,00,000/- രൂപയാണ് സ്റ്റേറ്റ് ഷെയർ വരവ്. ബാക്കി 4 ലക്ഷം രൂപയുടെ വരവ് രേഖകൾ ഹാജരാക്കിയിട്ടില്ല.
5) 320700209 എന്ന ഹെഡിൽ ബ്ലോക്ക് ഷെയർ എസ്.എൽ.പി. ആയി 2,00,000/- രൂപയാണ് വരവായി രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിൽ 181072/- രൂപാ ചെലവും 18928/- രൂപാ നീക്കുബാക്കിയുമായി വാർഷികകണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഐ.സി.ഡി.എസ്സ് സൂപ്പർവൈസറുടെ സൂലേഖാ സ്റ്റേറ്റ് മെന്റ് പ്രകാരം 225072/- രൂപായാണ്. ബ്ലോക്ക് വിഹിതം ചെലവ്. ആയതിന്റെ പൊരുത്തക്കേടുകൾ വ്യക്തമാക്കേണ്ടതാണ്.
6) 25142021 എന്ന ഹെഡിൽ (RP-16) Anganwadi Related Service-General എന്ന പേരിൽ ചേർത്തിരിക്കുന്ന 547500/- രൂപയുടെ ചെലവുവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
7) സ്ഥിരാസ്ഥികളുടെ ഭൗതിക പരിശോധന നടത്തുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10366226 |
| വരവ് | 61902600 |
| ആകെ | 72268826 |
| ചെലവ് | 62519260 |
| നീക്കിയിരിപ്പ് | 9749566 |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം | 56762 |
| തടസ്സപ്പെട്ടുത്തിയ തുക | 1800241 |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ | കുറിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | ലാപ്സായ തുക | |
| വികസനഫണ്ട് ജനറൽ | 0 | 13910000 | 13910000 | 12748283 | 1161717 | ജല അതോറിറ്റിയുടെ കുടിശ്ശികയായി സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക ചെലവുരേഖകളിൽ ഉൾപ്പെട്ടിട്ടില്ല. 931629 രൂപ ക്യൂ ബിൽ* |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10300000 | 10300000 | 5342992 | 4957008 | 864268 രൂപാ ക്യൂ ബിൽ* |
| സി.എസ്.സി (അൺടൈഡ്) | 0 | 10634622 | 10634622 | 4988936 | 5645686 | 5130675 രൂപാ ക്യൂ ബിൽ* |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 10370000 | 10370000 | 3409659 | 6960341 | 3734643 രൂപാ ക്യൂ ബിൽ* |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4047000 | 4047000 | 3106670 | 940330/- | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| ആശ്രയ | 0 | 918529 | 918529 | 918529 | 0 | |
| വിമുക്തി | 25645 | - | 25645 | 25000 | 645 | |
| സമ്പൂർണ്ണശുചിത്വം | 798609 | - | 798609 | 10000 | 788609 | |
| ബി ഫണ്ട് | 0 | 228840 | 228840 | 228840 | 0 | |
| സുനാമി | 81066 | 490 | 81556 | 0 | 81556 | പ്രത്യേക ബാങ്ക് അക്കൗണ്ടിൽ |
| സോളിഡ് വേസ്റ്റ് മാനേജ് മെന്റ് | 25000 | - | 25000 | 16800 | 8200 | തനതു ഫണ്ടിൽ സൂക്ഷിക്കുന്നു. |
| നിർമ്മൽ പുരസ്കാരം | 369 | - | 369 | - | 369 | തനതു ഫണ്ടിൽ സൂക്ഷിക്കുന്നു. |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | 281411 | 1208400 | 1489811 | 1286233 | 203578 | തനതു ഫണ്ടിൽ സൂക്ഷിക്കുന്നു. |
| എം..ജി.എൻ.ആർ.ഇ.ജി.എസ് | 4895 | 531520 | 536415 | 536189 | 226 | പ്രത്യേക ബാങ്ക് അക്കൗണ്ടിൽ |

* നീക്കിയിരുപ്പ്/ലാപ്സായ തുകകയിൽ 2019-2020 വർഷത്തെ ക്യൂബിൽ തുകകൂടി ഉൾപ്പെടുന്നതാണ്.

<u>1-4.1 വികസനഫണ്ട്(ജനറൽ) 230088/- രൂപാ ലാപ്സായി .</u>

2019-20 വർഷം വികസനഫണ്ട്(ജനറൽ) ഉപയോഗിച്ച് ഉൽപാദനം, സേവനം, പശ്ചാത്തല വിഭാഗങ്ങളിലായി ആകെ 15732467/- രൂപാ അടങ്കൽ വച്ചു. 13910000/- രൂപാ വരവ് വന്നതിൽ 12748283/- രൂപാ ചെലവായി. ക്യൂ ബിൽ ഉൾപ്പെടെ 1161717/- രൂപാ നീക്കിയിരുപ്പ് ലാപ്സായി.

<u>1-4.2 വികസനഫണ്ട്(എസ്.സി.പി. ) 4092740/- രൂപാ ലാപ്സായി.</u>

2019-20 വർഷം വികസനഫണ്ട്(എസ്സ്. സി.പി. ) ഉപയോഗിച്ച് ഉൽപാദനം, സേവനം, പശ്ചാത്തല വിഭാഗങ്ങളിലായി ആകെ 11572280/- രൂപാ അടങ്കൽ വച്ചു. 10300000/- രൂപ വരവ് വന്നതിൽ 5342992/- രൂപാ ചെലവായി. ക്യൂ ബിൽ ഉൾപ്പെടെ 4957008/- രൂപാ നീക്കിയിരുപ്പ് ലാപ്സായി .

1-4.3 ധനകാര്യകമ്മീഷൻ ഗ്രാന്റ് 515011/- രൂപാ ലാപ്സായി.

2019-20 വർഷം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഉൽപാദനം, സേവനം, പശ്ചാത്തല വിഭാഗങ്ങളിലായി ആകെ 12496243/- രൂപാ അടങ്കൽ വച്ചപ്പോൾ അലോട്ട്മെന്റ് വന്ന 10634622/- രൂപയിൽ 4988936/- രൂപാ ചെലവായി. ക്യൂ ബിൽ ഉൾപ്പെടെ 5645686/- രൂപാ നീക്കിയിരുപ്പ് ലാപ്സായി .

1-4.4 മെയിന്റനൻസ് ഗ്രാന്റ് 3225698/- രൂപാ ലാപ്സായി .

2019-20 വർഷം മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഉൽപാദനം, സേവനം, പശ്ചാത്തല വിഭാഗങ്ങളിലായി ആകെ 12250727/- രൂപാ അടങ്കൽ വച്ചപ്പോൾ 10370000/- രൂപാ അലോട്ട്മെന്റ് വന്നു. ആയതിൽ 3409659/- രൂപാ ചെലവായി. ക്യൂ ബിൽ ഉൾപ്പെടെ 6960341/- രൂപാ നീക്കിയിരുപ്പ് ലാപ്സായി .

1-4.5 കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം-ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം ഉള്ള തുകയും വാർഷികകണക്കുകൾ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

As Per GRANT Statement Centrally Sponsered Scheme

| Grant | OB | RT | TOTAL | EXP | CB |
|---|---|---|---|---|---|
| TSC | 410400 | 4464027 | 4874427 | 20200 | 4854227 |
| ICDS | 281411 | 19013022 | 19294433 | 3923977 | 15370456 |
| Swach Bharat Mission | 0 | 224000 | 224000 | 14000 | 210000 |
| | | | | | |

As Per Grant Statement State Sponsered Scheme

| | | | | | |
|---|---|---|---|---|---|
| SLBP | 0 | 1250000 | 1250000 | 312500 | 937500 |
| Sanitation Mission | 2516523 | 4136800 | 6653323 | 43600 | 6609723 |
| Life Mission | 0 | 32946773 | 32946773 | 9526773 | 23420000 |
| | | | | | |

Annual Financial Statement

Css

| Grant | OB | RT | TOTAL | EXP | CB |
|---|---|---|---|---|---|
| ICDS | 281411 | 1208400 | 1489811 | 1286233 | 203578 |
| NREGS | 4895 | 531520 | 536415 | 536189 | 226 |
| TSC | 410400 | - | 410400 | - | 410400 |

SSS

| Grant | OB | RT | TOTAL | EXP | CB |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| VIMUKTHI | 25645 | - | 25645 | 25000 | 645 |
| TSUNAMI | 81066 | 490 | 81556 | - | 81556 |
| SOLID WASTE MANAGEMENT | 25000 | - | 25000 | 16800 | 8200 |
| B FUND | 0 | 228840 | 228840 | 228840 | 0 |
| SSA | 3,00,000 | - | 3,00,000 | - | 3,00,000 |
| SUCHITWA MISSION | 1692914 | - | 1692914 | - | 1692914 |
| TOTAL SANITATION | 798609 | - | 798609 | 10000 | 788609 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 126327838 | 114 | 45806508 | 69 | 12 | 58 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4895 | 531520 | 536415 | 536189 | 226 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 14977006 | 14977006 | 14977006 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 123840 | 86 |
| കർഷകതൊഴിലാളി പെൻഷൻ | 438600 | 81 |
| വിധവാപെൻഷൻ | 6883800 | 1300 |
| വാർദ്ധക്യകാലപെൻഷൻ | 10392300 | 2198 |
| വികലാംഗപെൻഷൻ | 2133000 | 385 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 150000 | 3 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 154200 | 30 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3-3-21ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 100727/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ടചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നു. റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് ആസ്തി രജിസ്റ്റർ ഇവ കാലികമല്ല.

ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൺട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണ് രേഖപ്പെടുത്തുന്നില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട കരാറുകളിൽ E-ടെണ്ടർ ഒഴികെയുള്ളവയിൽ നിർവ്വഹണ കാലാവധി ഉൾപ്പെടുത്താത്തത് വീഴ്ചയാണ്. നിർവ്വഹണത്തിലെ വീഴ്ചകൾ പരിഹരിക്കപ്പെടേണ്ടതാണ്. (ഖണ്ഡിക 1-32 കാണുക)
തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ വീഴ്ചകൾ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു (ഖണ്ഡികകൾ 1-15 ,1-33 കാണുക)

പദ്ധതി നടത്തിപ്പിൽ വർക്കിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നില്ല.
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8.1.2021 മുതൽ 11.01.2021 വരെ | 1/2020, 2/2020, 3/2000 | 11.01.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.07.2018 | 2015-16 മുതൽ 2017-2018 വരെ | 04.10.2018 |

1-11 43ാം നമ്പർ അങ്കണവാടിയുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി പണി പൂർത്തീകരിച്ചില്ല

43 )ാം നമ്പർ അങ്കണവാടിയുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയ്ക്കായി തുക നൽകിയെങ്കിലും പണി പൂർത്തീകരിച്ചില്ല.

വൗച്ചർ നമ്പർ- 21900031/5-4-19

ചെക്ക് നമ്പർ- 2167870/5-4-19

തുക 63000/ -

പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 14-11-18 തീയതിയിലെ DB1/949/18 നമ്പർ കത്ത് പ്രകാരം എസ്റ്റിമേറ്റ് തുക ഒടുക്കു വരുത്തി. ആയതിന്റെ പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവായ 63000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 8/8-3-21

1-12 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ -ൽ നിന്നും 7,231/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല

പാലിയേറ്റീവ് കെയർ പ്രോജക്ടിൽ മരുന്നിനായി K.M.S.C.L –യിൽ അടവാക്കിയ 75,000/- രൂപയിൽ 7,231/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ ഫണ്ടിനം. | K.M.S.C.L-ന് നൽകിയ തുക(രൂപ) | ബില്ല് നം/ തീയതി | കെ.എം.സി.എൽ. പ്രൊഫോർമ നം./ തീയതി | ലഭിച്ച മരുന്നുകളുടെ വില(രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില(രൂപ) |
|---|---|---|---|---|---|
| 16/2019-2020<br>പൊതു വിഭാഗം | 75,000/- | ബിൽ നം.2/14.08.2019 | PRF 501/24.07.2019 | 67,769/- | 7,231/-രൂപ |

7,231/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-13 പി. ഡബ്ല്യു.ഡി .ഡെപ്പോസിറ്റ് പ്രവൃത്തി-വിനിയോഗ രേഖ ഇല്ല- 1,78,217/രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. – S171/20

നിർവ്വഹണ ഉദ്യോഗസ്ഥ – അസി. എൻജിനീയർ, എൽ. എസ്. ജി. ഡി

അടങ്കൽ തുക - 2,00,000/- രൂപ
ഫണ്ട് ഇനം - ധനകാര്യ കമ്മീഷൻ ഗ്രാൻ്റ്
ചെലവ് തുക - 1,78,217/- രൂപ
ബിൽ നം. – 51/തീ.19.03.2020

ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിന്റെ രണ്ടാം നിലയിലെ പുതിയ ബ്ലോക്കിൽ വൈദ്യുതീകരണം നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പ്, ഇലക്ട്രിക്കൽ സബ് ഡിവിഷൻ കൊല്ലം, അസി. എക്സിക്യൂട്ടീവ് എൻജിനീയറുടെ 07.02.2020 -ലെ ഡി. ബി1.-പ്രൈസ് ഐഡി-2019/5272 നം. കത്തിന്റെ അടിസ്ഥാനത്തിൽ 1,78,217/-രൂപ ചെലാൻ നം.43593/19.02.2020 പ്രകാരം 8443 00108 നം. പി.ഡബ്ല്യു.ഡി. ഹെഡിൽ അടവാക്കിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച 1,78,217/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടിയിൽ, വിനിയോഗ സാക്ഷ്യപത്രം ലഭിയ്ക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ഓഡിറ്റ് എൻക്വയറി നം. – 3/06.03.2021

<u>1-14 കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges കുറവ് ഈടാക്കി</u>

പ്രോജക്ട് നം.141/20 – പനയം ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകൾക്ക് കി. മീ. സ്റ്റോൺ സ്ഥാപിക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി
പേര് - ശ്രീമതി നീതു ചന്ദ്രൻ
അടങ്കൽ തുക - 4,30,650/ രൂപ-(മെയിന്റനൻസ് ഫണ്ട് റോഡ്)
കരാറുകാരൻ - ശ്രീ. നംഷാദ്, ബീനാ മൻസിൽ, പാമ്പാലിൽ
എഗ്രിമെന്റ്നം. 12/AE/എൽ.എസ്.ജി.ഡി/പി.എൻ.വൈ/17-18/07.12.2017
ടി.എസ്.നം. 44796/17-18 തീ.1.08.17
എം.ബുക്ക് നം. 61/18-19
ബിൽ നം. 2/15.05.2019
എഗ്രീഡ് പി.എ.സി. – 4,30,650/-രൂപ
പ്രവൃത്തിമൂല്യം : 4,22,400/-രൂപ
ആകെ നികുതി ഇനത്തിൽ 16,938/- രൂപയും പിഴ ഇനത്തിൽ 4,307/- രൂപയും ചേർത്ത് 21,245/- കുറവ് ചെയ്ത് കരാറുകാരന് അനുവദിച്ച തുക – 4,01,155/-രൂപ
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം – 4 മാസം (ഇ -ടെണ്ടറിലെ വ്യവസ്ഥ)

പ്രവൃത്തി ആരംഭിച്ച തീയതി : 07.12.2017
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 29.03.2019
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി - 06.04.2018.
വൈകിയ കാലയളവ് : 357 ദിവസം

കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public

Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C തുകയുടേ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ.

അതിനാൽ ഈടാക്കേണ്ട ഫൈൻ : 21,963/-രൂപ (4,30,650 X.1% /7 X 357 )

ഈടാക്കിയ ഫൈൻ : 4,307/-രൂപ . ഈടാക്കാൻ അവശേഷിക്കുന്ന തുക -17,656/- രൂപ (21,963-4,307/-രൂപ)

കരാറുകാരനിൽ നിന്നും നിയമാനുസൃതമായ ഫൈൻ ഈടാക്കാത്തതിനു കാരണം തേടി അസിസ്റ്റൻ്റ് എൻജിനീയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയിൽ, അവശേഷിയ്ക്കുന്ന ഫൈൻ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഫൈൻ തുക പൂർണ്ണമായി ഈടാക്കി രേഖ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 7 / 08.03.2021

1-15 ദേശീയ തൊഴിലുറപ്പ് പദ്ധതി

2019- 2020 സാമ്പത്തിക വർഷത്തിൽ 1,834 കുടുംബങ്ങൾക്കായി 49,316 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 81 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 1,49,72,337/- രൂപയുടെ ചെലവ്, ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം, ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.

(A)രേഖകളുടെ പരിശോധന- ഓഡിറ്റ് നിരീക്ഷണങ്ങൾ

1. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമെറ്റ് തയ്യാറാക്കുന്നു.
2. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.
3. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥരിൽ നിന്നും /മേറ്റുമാർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.
5. ലൈഫ് ഭവനം , കിണർ നിർമ്മാണംഎന്നീ പ്രവൃത്തികളിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ ഇല്ല.
6. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.
7. സ്വകാര്യ വക്തിയുടെ വസ്തുവിൽ നടത്തിയ കുളം നിർമ്മാണം- ഭൂവുടമസ്ഥൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി കരാർ വച്ചിട്ടില്ല.
8. പ്രവൃത്തിയുടെ ഫോട്ടൊകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്റ്റ് യോഗങ്ങൾ നടത്തിയതായോ, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചതായോ ഉറപ്പാക്കുന്നതിനു കഴിയുന്നില്ല. പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.
9. വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ പരിമിതമാണ്.

(B) <u>09.03.2021 – ന് സൈറ്റുകളിൽ നടത്തിയ സ്ഥല പരിശോധനയിലെ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.</u>

സൈറ്റുകൾ – വാർഡ് നം, 1 പെരുമൺ പടിഞ്ഞാറ്, വാർഡ് 4, റെയിൽ – വേസ്റ്റേഷൻ,

1. എല്ലാ സൈറ്റുകളിലും സ്ഥാപിക്കേണ്ട ബാനർസ്ഥാപിച്ചിട്ടില്ല.
2. തൊഴിലുറപ്പ് വിഭാഗം അക്രഡിറ്റഡ് എൻജിനീയർ, ഓവർസീയർ എന്നിവരുടെ നിർദ്ദേശങ്ങൾ പാലിയ്ക്കാതെ മേറ്റുകളും, തൊഴിലാളികളും, പ്രവൃത്തികൾ നടത്തുന്ന പുരയിടങ്ങളിൽ പുല്ല് ചെത്തി വൃത്തിയാക്കുന്നു. ഈ പ്രവൃത്തി നിയന്ത്രിക്കപ്പെട്ടിട്ടുള്ളതാണ്. നിഷ്കർഷിച്ച അളവിൽ പ്രവൃത്തികൾ നടത്തുന്നില്ല.

3. 5, 6 സെൻ്റ് വിസ്തൃതിയുള്ള പുരയിടങ്ങളിൽ 15 പേർ പ്രവൃത്തി നടത്തുന്നു.
4. നിശ്ചിത ഇടവേള പാലിയ്ക്കാതെ, ആവർത്തന സ്വഭാവമുള്ള ഭൂവികസന പ്രവൃത്തികൾ ഒരെ സ്ഥലത്ത് നടത്തുന്നു.
5. വാർഡ് 13, അമ്പഴവയൽ – കുളം നിർമ്മാണം - തൊഴിലുറപ്പ് പദ്ധതി പ്രകാരം, ഭാഗിക പ്രവൃത്തികൾ നടത്തിയ കുളം ഇപ്പോൾ നിലവിൽ ഇല്ല. ടി സ്ഥലത്ത് പുതിയ വീടിന്റെ നിർമ്മാണം നടക്കുന്നു. (ഖണ്ഡിക 1-33 കാണുക)

മേൽ ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

<u>1-16 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം-നടപടിക്രമത്തിലെ അപാകത</u>

പ്രോജക്ട് നം. – 197/20

അടങ്കൽ – 265600/- (വികസനഫണ്ട്-എസ്.സി.പി)

ചെലവ് – 227200/- (ബിൽ നം.7/19-20/18.1.2020)

എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം എന്ന പ്രോജക്ട് പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ 3 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. ആയതിൽ കുറഞ്ഞ നിരക്കു ക്വോട്ടുചെയ്ത എൽസോൾ പവ്വർ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന്റെ 26800 രൂപയുടെ ടെണ്ടർ ഗ്രാമപഞ്ചായത്തിന്റെ 14.6.2018 ലെ 14(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകി. എന്നാൽ ടി സ്ഥാപനം ലാപ്പ്ടോപ്പ് സപ്ലൈ ചെയ്യാത്തതിനാലും മറുപടി നൽകാത്തതിനാലും രണ്ടാമത്തെ കുറഞ്ഞ നിരക്കു ക്വോട്ടുചെയ്ത രാമാനുജം ഇൻസ്റ്റിറ്റ്യൂട്ട് & ലേബർ സോഷ്യൽ വെൽഫയർ എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുന്നതിന് ഗ്രാമപഞ്ചായത്തിന്റെ 16.1.2019ലെ 1(4) നം. തീരുമാനപ്രകാരം അംഗീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 8 ലാപ്പ്ടോപ്പുകൾ 28400 രൂപ നിരക്കിൽ 227200 രൂപയ്ക്ക് വാങ്ങുന്നതിന് സപ്ലൈ ഓർഡർ നൽകി.

എന്നാൽ കുറഞ്ഞ നിരക്കു ക്വോട്ടു ചെയ്ത എൽസോൾ പവ്വർ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന് ലാപ്പ്ടോപ്പ് സപ്ലൈ ചെയ്യാത്തതു സംബന്ധിച്ച് കത്തു നൽകിയതായോ മറ്റു രണ്ടു സ്ഥാപനങ്ങളുമായി കുറഞ്ഞ നിരക്കിന് ലാപ്പ്ടോപ്പ് ലഭ്യമാക്കാൻ നെഗോസിയേഷനിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല.അപാകത സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.അംഗീകരിച്ച തുകയ്ക്ക് ലാപ്പ്ടോപ്പ് ലഭ്യമാകാത്തപക്ഷം റീ-ടെണ്ടർ നടപടികൾസ്വീകരിക്കേണ്ടതായിരുന്നു. നടപടിക്രമങ്ങളിലെ അപാകത

ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സ്റ്റോക്ക്, വിതരണം എന്നിവ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 227200 രൂപ തടസ്സപ്പെടുത്തുന്നു.

(എൻക്വയറി നം. – 10/9.3.2021)

നിർവ്വഹണഉദ്യോഗസ്ഥൻ - ഗീതാഭായി തങ്കച്ചി (ഹെഡ്മാസ്റ്റർ)

1-17 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- 6 ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| പദ്ധതിയുടെ വിവരം | നം 26/20,എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്. |
| അടങ്കൽ തുക | 363248/-വികസനഫണ്ട് എസ്.സി.പി |
| ചെലവഴിച്ച തുക | 363248/-,(ബിൽ നം 40/13-3-20) |

മേൽ പദ്ധതി വഴി 16 ലാപ്ടോപ്പുകൾ കെൽട്രോണിൽ നിന്നും വാങ്ങുന്നതിനായി 363248/- രൂപ ചെലവഴിച്ചിട്ടുണ്ട് . 13-3-20 ൽ തന്നെ തുക കൈമാറിയിരുന്നെ ങ്കിലും 30-1-21ലാണ് ലാപ്ടോപ്പുകൾ ലഭ്യമായത്. 30-1-21ൽ 16 ലാപ്ടോപ്പുകളും സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും 10 വിദ്യാർത്ഥികളുടെ അപേക്ഷകളും കംപ്യൂട്ടർ കൈപ്പറ്റിയതിന്റെ രേഖകളും മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. വിതരണം ചെയ്യാത്ത 6 ലാപ്ടോപ്പുകൾ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. 6 കംപ്യൂട്ടറുകൾ വിതരണം ചെയ്യാത്തതിന്റെയും അർഹതപ്പെട്ട വിദ്യാർത്ഥികളുടെ അപേക്ഷകൾ ഹാജരാക്കാത്തതിന്റെയും കാരണം അന്വേഷിച്ചുകൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠനവിവരം സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാലാണ് ലാപ്ടോപ്പുകള് വിതരണം ചെയ്യാത്തതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ അപേക്ഷയും പഠനരേഖകളും അർഹതയും നിർണ്ണയിച്ച് അർഹരായവരുടെ എണ്ണം തിട്ടപ്പെടുത്തിയതിന് ശേഷം പദ്ധതിയിൽ വാങ്ങേണ്ട ലാപ്ടോപ്പുകളുടെ എണ്ണം നിശ്ചയിച്ച് വാങ്ങൽ നടത്തേണ്ടിയിരുന്നിടത്ത് പദ്ധതി നടപ്പിലാക്കി ഒരു വർഷത്തിന് ശേഷവും പഠന രേഖകൾ ഹാജരാക്കിയില്ലെന്ന മറുപടി അംഗീകരിക്കത്തക്കതല്ല. എങ്കിലും 2020 മാർച്ചോടെ കോവിഡിനെ തുടർന്നുള്ള ലോക്ക് ഡൗൺ ആരംഭിച്ചതിനാൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമായതിനാൽ മറുപടി സ്വീകരിക്കുന്നു. വിതരണം ചെയ്യാൻ ശേഷിക്കുന്ന 6 ലാപ്ടോപ്പുകൾ അർഹരായവർക്ക് വിതരണം ചെയ്തതിന്റെ രേഖകളും ടി വ്യക്തികളുടെ അപേക്ഷകളും ഗുണഭോക്തൃലിസ്റ്റിന്റെ പകർപ്പും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. വിതരണം ചെയ്യാൻ ശേഷിക്കുന്ന 6 ലാപ്ടോപ്പുകളുടെ വിലയായ 136218/- രൂപ (22703*6) തടസ്സപ്പെടുത്തുന്നു. ഇലക്ട്രോണിക്ക് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാതെ സൂക്ഷിക്കുന്നത് അവയുടെ പ്രവർത്തനശേഷിയെ ബാധിക്കുന്നതിനാൽ ലാപ്ടോപ്പുകൾ പെട്ടെന്ന് തന്നെ വിതരണം ചെയ്ത് രേഖകൾഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം - 9/8-3-21,

തടസ്സപ്പെടുത്തുന്ന തുക – 136218/- രൂപ

1-18 പെറ്റി വർക്ക് ഫയൽ ഹാജരാക്കിയിട്ടില്ല

ചെമ്മക്കാട് വാർഡ് 5 പെറ്റി വർക്ക് (അഞ്ചാംകുറ്റി മേത്തന്റയ്യത്ത് റോഡ് അർജന്റ് മെയിന്റനൻസ് ) എന്നതിനായി 22-6-2019 തീയതിയിലെ 21900207 നമ്പർ വൗച്ചർ പ്രകാരം 9700/- രൂപാ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. (ചെക്ക് നമ്പർ 10397/22-6-19) ആയതിന്റെ ഫയൽ

പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 9700/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 8/8-3-21

<u>1-19 ഭവനപുനരുദ്ധാരണം-പണി പൂർത്തിയാക്കിയില്ല</u>

പ്രോജക്ട് നമ്പർ – 48/19-20

പ്രോജക്ട് – ഭവന പുനരുദ്ധാരണം

അടങ്കൽ - 2300000/-

ചെലവ് – 1200000/-

നിർവഹണഉദ്യോഗസ്ഥൻ - വി.ഇ.ഒ.

പ്രസതുത പ്രോജക്ട് പ്രകാരം ബിൽ നമ്പർ 4/20-10-19 പ്രകാരം പിൻവലിച്ച 2,50,000/- രൂപയിൽ 50,000/- രൂപാ കൈപ്പറ്റിയ ശ്രീമതി രമാ .എസ്, ഇരിപ്പാറ തെക്കതിൽ , പനയം എന്ന വ്യക്തി പണി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പണി നടത്തിയിട്ടില്ല എന്നും തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 50000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 50000/-

ഓഡിറ്റ് എൻക്വയറി നമ്പര് 6/8-3-21

<u>1-20 ടാർജറ്റ് മസൂറി സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റർ-പദ്ധതി നടത്തിപ്പിലെ അപാകതകൾ</u>

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതിയുടെ വിവരം | 1) നം 140/20, ടാർജറ്റ് മസൂറി സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റർ (സ്പിൽ ഓവർ)<br>2) നം 198/20, ടാർജറ്റ് മസൂറി സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റർ |
| അടങ്കൽ തുക | 1) 201750/-വികസനഫണ്ട് എസ്.സി.പി<br>2) 796750/-ബഹുവർഷ പ്രോജക്റ്റ്, വികസനഫണ്ട് എസ്.സി.പി (തൻവർഷ അടങ്കൽ 595000/- |
| ചെലവഴിച്ച തുക | 1) 201749/-, (ബിൽ നം 6/7-6-19 തുക 45750, ബിൽ നം 16/9-7-19 തുക 34999/-, ബിൽ നം 33/7-9-19 തുക 106250/-, ബിൽ നം 74 16-3-20 തുക 14750/-)<br>2) 11500/-ബിൽ നം 73/16-3-20 |

സമർത്ഥരായ എസ്.സി. വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷാപരിശീലനം നല്കുന്നതിന് വേണ്ടി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് ടാർജറ്റ് മസൂറി സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റർ. 2017-18 ൽ നൂതന പദ്ധതിയായി അംഗീകാരം ലഭിച്ച മേൽ പദ്ധതിയിൽ പരിശീലനം ആരംഭിച്ചത് 2018 ഒക്ടോബർ മുതലാണ്.

2018-19 ൽ പദ്ധതിക്ക് വേണ്ടി 93250/- രൂപയും 2019-20ൽ സ്പിൽ ഓവർ പദ്ധതി വഴി 201749/- രൂപയും തൻവർഷ പദ്ധതി വഴി 11500/- രൂപയും ചെലവഴിച്ചിട്ടുണ്ട്. (ഫാക്കൽറ്റികളുടെ ഫീസിനത്തിൽ 93250+166750+11500 , 20 കസേരകൾ വാങ്ങുന്നതിനായി 34999/- രൂപയും). മേൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പരിശീലനം നല്കുന്നതിന് വേണ്ടി ഫാക്കൽറ്റികളെ നിയമിച്ചതിന്റെ മാനദണ്ഡം, ഫാക്കൽറ്റികളെ ക്ഷണിച്ചു കൊണ്ടുള്ള പത്രപ്പരസ്യം, അപേക്ഷകരിൽ യോഗ്യരായവരെ തെരഞ്ഞെടുത്ത് അംഗീകരിച്ചതിന്റെയും വേതനം നിശ്ചയിച്ചതിന്റെയും കമ്മിറ്റി തീരുമാനം എന്നിവ ഹാജരാക്കിയിട്ടില്ല.

2പരിശീലനത്തിന് വിദ്യാർത്ഥികളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം ഗുണഭോക്തൃലിസ്റ്റ് / പത്രപ്പരസ്യം എന്നിവ ഹാജരാക്കിയില്ല. പദ്ധതിയിൽ പരിശീലനം ലഭിക്കുന്നതിന് വിദ്യാർത്ഥികൾക്ക് നിശ്ചിത യോഗ്യത ആവശ്യപ്പെട്ടിരുന്നില്ല. സിവിൽസർവ്വീസ് പരീക്ഷയ്ക്ക് പങ്കെടുക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ബിരുദവും കുറഞ്ഞ പ്രായപരിധി 21 വയസ്സുമാണ്. വിദ്യാർത്ഥികളുടെ അപേക്ഷകൾ പരിശോധിച്ചതിൽ ഭൂരിഭാഗവും പ്ലസ് ടു, ഡിഗ്രി ഫസ്റ്റ് ഇയർ, സെക്കന്റ് ഇയർ എന്നീ ക്ലാസ്സുകളിൽ പഠിക്കുന്നവരാണ്. അവധി ദിവസങ്ങളിലാണ് ക്ലാസ്സ് നടത്തുന്നതെങ്കിൽ പോലും വിദ്യാർത്ഥികളുടെ പങ്കാളിത്തം വളരെ കുറവാണ്. കൂടാതെ വിദ്യാർത്ഥികൾവിവിധ വിദ്യാഭ്യാസ യോഗ്യതയുള്ളവരായതിനാൽ അടിസ്ഥാന പരിശീലനമാണോ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് വേണ്ടിയുള്ള കോച്ചിംഗാണോ എന്നതും വ്യക്തമല്ല.

3. 2018-19 ൽ 29 വിദ്യാർത്ഥികളും 2019-20ൽ 15 വിദ്യാർത്ഥികളും വിവിധ ക്ലാസ്സുകളിൽ പങ്കെടുത്തിട്ടുണ്ട്. ഇതിൽ 5 വിദ്യാർത്ഥികളുടെ സിവിൽ സർവ്വീസ് എക്സാമിന്റെ അഡ്മിഷൻ കാർഡുകൾ മാത്രമാണ് ഹാജരാക്കിയത്. ഇതിൽ അരുൺ എന്ന വിദ്യാർത്ഥി പേരയം പഞ്ചായത്തിലുൾപ്പെട്ടതാണ്. മറ്റ് വിദ്യാർത്ഥികളുടെ സിവിൽ സർവ്വീസ് പരീക്ഷയുടെ അഡ്മിഷൻ കാർഡുകൾ ഹാജരാക്കിയിട്ടില്ല.

4. മേൽ പദ്ധതിയിൽ വിവിധ ബില്ലുകൾ വഴി 12 ഫാക്കൽറ്റികൾക്കാണ് വേതനം നല്കിയിട്ടുള്ളത്.ഇതിൽ 9 ഫാക്കൽറ്റികളുടെ അപേക്ഷകളാണ് ഫയലിൽ ഉണ്ടായിരുന്നത്. ഇവരിൽ ശ്രീ. തൗഫീക്ക്. എസ് (പഠിപ്പിക്കുന്ന വിഷയം ഇക്കണോമിക്സ്) ശ്രീ. ശ്യാം ലാൽ (പഠിപ്പിക്കുന്ന വിഷയം ഫിസിക്സ്) എന്നിവർ ബി.എസ്.സി.കെമിസ്ട്രി യോഗ്യതയുള്ളവരും ശ്രീ. വിജയകൃഷ്ണൻ (പഠിപ്പിക്കുന്ന വിഷയം പോളിറ്റി) ബി. കോം കംപ്യൂട്ടർ ആപ്ലിക്കെഷൻ യോഗ്യതയുള്ളവരാണ്. മേൽ വിഷയങ്ങളിൽ ക്ലാസ്സെടുത്തുള്ള എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. വേതനം കൈപ്പറ്റിയിട്ടുള്ള എമിൽ ജോൺ വർഗ്ഗീസ്, രംഗ. ആർ, പാർവ്വതി എന്നിവരുടെ അപേക്ഷകളോ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളോ പരിശീലനത്തിന് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ടു കൊണ്ട് എൻക്വയറി നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫാക്കൽട്ടികളെ നിയമിച്ചതും വേതനം നിശ്ചയിച്ചതും അക്കാഡമിക്ക് കമ്മറ്റിയാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഇതൊരു പരിശീലന സ്ഥാപനമായാണ് ആരംഭിച്ചതെന്നും പ്ലസ് ടു വിൽ പഠിക്കുന്ന കുട്ടികൾക്ക് പരീക്ഷയ്ക്ക് തയ്യാറെടുക്കാൻ കൂടുതൽ സമയം ലഭിക്കുമെന്നതിനാലും കൂടുതൽ ട്രെയിനിംഗ് നൽകുന്നത് കൂടുതൽ പ്രയോജനം ലഭ്യമാക്കും എന്നതിനാലാണ് ടി വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയതെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

അക്കാഡമിക്ക് കമ്മിറ്റിയെ അംഗീകരിച്ചതിന്റെ തീരുമാനവും കമ്മിറ്റി അംഗങ്ങളുടെ വിവരവും 1 മുതൽ 4 വരെ സൂചിപ്പിച്ച പദ്ധതി നടത്തിപ്പിലെ അപാകതകൾക്ക് ആവശ്യമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതും വിദ്യാർത്ഥികൾക്ക് വളരെയേറെ ഉപകാരപ്രദമാകുന്ന മേൽ പദ്ധതി നടപടിക്രമങ്ങൾ പാലിച്ച് നടപ്പിലാക്കേണ്ടതുമാണ്.

എൻക്വയറി നം – 1/4-3-21

<u>1-21 ഘുങ്ഗ്രൂ ഓർ ഘൊരാനാ ഹിന്ദുസ്ഥാനി കലാപഠനകേന്ദ്രം-പഞ്ചായത്തിലെ ഒരു ഗുണഭോക്താവ് പോലും പരിശീലനത്തിൽ പങ്കെടുത്തില്ല.</u>

| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
|---|---|
| പദ്ധതി,നം | 1) നം 177/20, ഘുങ്ഗ്രൂ ഓർ ഘൊരാനാ ഹിന്ദുസ്ഥാനി കലാപഠനകേന്ദ്രം (സ്പിൽഓവർ),<br>2) നം 199/20, ഘുങ്ഗ്രൂ ഓർ ഘൊരാനാ ഹിന്ദുസ്ഥാനി കലാപഠനകേന്ദ്രം |
| അടങ്കൽ തുക | 1) 310000/-(തനത് ഫണ്ട്) ,<br>2) 850000/-(തനത് ഫണ്ട്) |
| ചെലവ് തുക | 1) 310000/-(ചെക്ക് നം 10439/5-8-19 തുക 120000/-,<br>ചെക്ക് നം 10440/5-8-19 തുക 40000/-,<br>ചെക്ക് നം 111544/8-11-19 തുക 120000/-,<br>ചെക്ക് നം 11545/8-11-19 തുക 30000/-<br>2) ചെക്ക് നം 12309/29-2-20 തുക 90000/-<br>ചെക്ക് നം 12310/29-2-20 തുക 40000/- |

ഹിന്ദുസ്ഥാനി കലാ പാരമ്പര്യത്തെ നമ്മുടെ നാട്ടിൽ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2017-18ൽ നൂതന പദ്ധതിയായി അംഗീകാരം വാങ്ങി നടപ്പിലാക്കിയ ബഹുവർഷ പദ്ധതിയാണ് ഘുങ്ഗ്രൂ ഓർ ഘൊരാനാ ഹിന്ദുസ്ഥാനി കലാപഠനകേന്ദ്രം. ഇന്ത്യയിലും ഇന്ത്യയ്ക്ക് പുറത്തും പരിപാടികൾ അവതരിപ്പിച്ച് അംഗീകാരം നേടിയ പരിശീലകന്റെ നേതൃത്വത്തിൽ പഠിതാക്കള്ക്ക്ഒരു വർഷ കാലയളവിൽ മാസംതോറും 3 ദിവസം മുതൽ 5 ദിവസം വരെ പരിശീലനം നൽകുന്നതിന് പരിശീലകന് പ്രതിമാസം 30,000/-രൂപ നിരക്കിലും സഹായിക്ക് 10,000/- രൂപ നിരക്കിലും വേതനം നൽകുകയും ചെയ്യുന്നതിനായാണ് മേൽപദ്ധതിയിൽ തുക വകയിരുത്തിയിരിക്കുന്നത്. പഠിതാക്കളിൽ നിന്നും പ്രതിമാസം 850/- രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതിനും നിശ്ചയിച്ചിട്ടുണ്ട്.

മേൽ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്രവികസനവും പുരോഗതിയുമാണ്. പ്രാദേശിക വികസന പ്രവർത്തനത്തിന് അതാതിടങ്ങളിലെ വിഭവസാധ്യതകളനുസരിച്ച് അനുയോജ്യമായ പരിഹാര നിർദ്ദേശങ്ങൾ രൂപപ്പെടുത്തുക എന്നതാണ് വികേന്ദ്രീകൃതാസൂത്രണലക്ഷ്യങ്ങളിൽ പ്രധാനം. ഇപ്രകാരം പ്രാദേശിക വികസനത്തിന് തയ്യാറാക്കപ്പെടുന്ന പ്രോജക്ടുകളിൽ സർക്കാർ ഉത്തരവുകളോ സബ്സിഡി മാനദണ്ഡങ്ങളോ പാലിച്ച് നടപ്പിലാക്കാൻ കഴിയാത്തവയാണ് നൂതനപദ്ധതിയായി അംഗീകരിച്ച് നടപ്പിലാക്കുന്നത്. മേൽ പദ്ധതിയിൽ പനയം പഞ്ചായത്തിലെ ഒരു ഗുണഭോക്താവ് പോലും

ഉൾപ്പെട്ടിട്ടില്ല. മേൽ പദ്ധതിയിലെ ഗുണഭോക്താക്കൾ മുഴുവനും ജില്ലയ്ക്ക് തന്നെയും പുറത്തുള്ളവരായതിനാൽ പ്രാദേശിക വികസനം സാധ്യമാകുന്നതെങ്ങനെയെന്ന് വ്യക്തമല്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും ആകെയുള്ള 18 ഗുണഭോക്താക്കളിൽ ഈ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുൾപ്പെടുന്നവർ കേവലം 2 ഗുണഭോക്താക്കൾ മാത്രമാണ്, അതിനാൽ പദ്ധതി ലക്ഷ്യം പൂർണ്ണമായും കൈവരിച്ചുവെന്ന് വിലയിരുത്തുവാൻ കഴിയുന്നില്ല എന്ന് പരാമർശിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിന്റെ ആവശ്യപ്രകാരം അത്യാവശ്യ പ്രോജക്റ്റായി പരിഗണിച്ചതാണോ മേൽ പദ്ധതിയെന്ന് വ്യക്തമാക്കേണ്ടതാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നേരിട്ട് സഹായിക്കാതെ തന്നെ സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങൾക്ക് വിജയകരമായി പ്രവർത്തിക്കാൻ സാധിക്കാത്ത മേഖലകൾ മാത്രമേ നൂതനപദ്ധതിയായി നടപ്പിലാക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2) പഠിതാക്കളെ തെരഞ്ഞെടുത്തതിന്റെ ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല. പരിശീലകർക്ക് 2019 മാർച്ച് മുതൽ 2020 ജനുവരി വരെയുള്ള പരിശീലന ഫീസിനത്തിൽ 440000/-രൂപ നല്കിയിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ 2019 ഒക്ടോബർ മുതലുള്ള അറ്റൻഡൻസ് രജിസ്റ്ററാണ് ഹാജരാക്കിയിട്ടുള്ളത്. പരിശീലകരുടെ അറ്റൻഡൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

പഠിതാക്കളിൽ നിന്നും പ്രതിമാസം 850/- രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ടെങ്കിലും തൻ വർഷം ഫീസിനത്തിൽ 39100/- രൂപ മാത്രമാണ് ലഭിച്ചത് (അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം ലഭിക്കേണ്ട തുക 19*850*12 193800/-). അറ്റൻഡൻസ് രജിസ്റ്ററിൽ 19 പഠിതാക്കളുടെ പേരുണ്ടെങ്കിലും 14 പേരുടെ അപേക്ഷകളാണ് ഹാജരാക്കിയത്.ഇവരിൽ രണ്ട് പേർ മാത്രമാണ് കൊല്ലം ജില്ലയിലുള്ളത്. തനത്ഫണ്ട് വരുമാനം വളരെ കുറവുള്ള ഗ്രാമപഞ്ചായത്ത് കൂടിയായതിനാൽ തനത് ഫണ്ട് ഉപയോഗിച്ചുള്ള മേൽ പദ്ധതി പ്രാദേശികവികസനത്തിൽ യാതൊരു പങ്കും വഹിക്കുന്നില്ലെന്ന് ഓഡിറ്റ് വിലയരുത്തുന്നു.മേൽ സൂചിപ്പിച്ചവയ്ക്ക് വിശദീകരണം വുംരേഖകളും ലഭ്യമാക്കണമെന്ന് അറിയിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ ഒരു ഗുണഭോക്താവിന് പോലും മേൽ പദ്ധതി കൊണ്ട് പ്രയോജനം ലഭിക്കാത്തതിനാലും തനത് ഫണ്ട് വളരെ കുറവുള്ള പഞ്ചായത്തായതിനാലും മേൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. തദ്ദേശവാസികൾക്ക് വളരെ ഉപകാരപ്രദമാകുന്ന മേൽ പദ്ധതി തദ്ദേശവാസികളെ ഉൾപ്പെടുത്തി വിജയകരമായി നടപ്പിലാക്കേണ്ടതും മറ്റ് ജില്ലകളിൽ നിന്നുള്ള പഠിതാക്കൾക്ക് വേണ്ടിതുക ചെലവഴിച്ച തിന് സർക്കാരിൽ നിന്നും അനുമതി വാങ്ങി ഹാജരാക്കേണ്ടതുമാണ്.

എൻക്വയറി നം – 12/9-3-19,

തടസ്സപ്പെടുത്തുന്ന തുക – 440000/-

<u>1-22 പച്ചക്കതിര (സ്പിൽ ഓവർ) -തുണി സഞ്ചികൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും 50% തുക ഈടാക്കിയതിന്റെയും രേഖകൾ ഹാജരാക്കിയില്ല.</u>

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി,നം | 128/20 പച്ചക്കതിര (സ്പിൽ ഓവർ) |
| അടങ്കൽ തുക | 41400/- വികസനഫണ്ട് ജനറൽ |
| ചെലവ് തുക | 41400/-(ബിൽ നം 2/17-5-18) |

തുണി സഞ്ചി നിർമ്മാണ യൂണിറ്റുകളിൽ നിന്ന് നേരിട്ട് തുണി സഞ്ചി വാങ്ങി 50% സബ്സിഡി നിരക്കിൽ ഒരു വീടിന് 2 തുണി സഞ്ചി വീതം വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം

ചെയ്തിരുന്നത്. തൻ വർഷം 18 രൂപ നിരക്കിൽ 2300 തുണി സഞ്ചികൾ 41400 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. എന്നാൽ ടി തുണി സഞ്ചികൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും 50% തുക ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിയതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. (മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും മേൽ വിഷയം പരാമർശിച്ചിട്ടുണ്ട്). മേൽ രേഖകൾ ഹാജരാക്കാത്തതിനാൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 41400/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം - 12/9-3-19,

തടസ്സപ്പെടുത്തുന്ന തുക – 41400/-

## 1-23 സ്വന്തമായി കെട്ടിടമുള്ള ലൈബ്രറികൾക്ക് മൈക്ക് സെറ്റ്-അനുബന്ധരേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി,നം | 220/20, സ്വന്തമായി കെട്ടിടമുള്ള ലൈബ്രറികൾക്ക് മൈക്ക് സെറ്റ് |
| അടങ്കൽ തുക | 50000/- (28084/-വികസനഫണ്ട് ജനറൽ, തനത് ഫണ്ട് 21916/-) |
| ചെലവ് തുക | 49780/- (ബിൽ നം 90/31-3-20, ചെക്ക് നം 1948722/30-3-20) |

സ്വന്തമായി കെട്ടിടമുള്ള ലൈബ്രറികൾക്ക് മൈക്ക് സെറ്റ് വാങ്ങി നല്കുന്നതിന് വേണ്ടി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ വാങ്ങൽ നടപടികൾ പാലിച്ച് മൈക്ക് സെറ്റ് വാങ്ങിയതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. മൈക്കുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളോ ലൈബ്രറികളുടെ അപേക്ഷകളോ കൈപ്പറ്റ് രസീതോ ഗുണഭോക്തൃ ലിസ്റ്റോ ഹാജരാക്കിയില്ല. മേൽ സൂചിപ്പിച്ച രേഖകളുടെ അഭാവത്തിൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 49780/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം – 12/9-3-19,

തടസ്സപ്പെടുത്തുന്ന തുക – 49780/-

## 1-24 തെരുവുവിളക്ക പരിപാലനം-അടാട്ട് മോഡൽ 2019-20

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി,നം | 12/20, തെരുവുവിളക്ക പരിപാലനം-അടാട്ട് മോഡൽ 2019-20 |
| അടങ്കൽ തുക | 1493000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ്ഴിച്ച തുക | 961484/-(ബിൽ നം 44/17-10-19) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അടാട്ട് മാതൃകയിലുള്ള തെരുവ് വിളക്ക് പരിപാലത്തിന് വേണ്ടിയാണ് മേൽപദ്ധതി നടപ്പിലാക്കിയത്. തൻവർഷം തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 945389/- രൂപയും ലാഡർ വാങ്ങുന്നതിനായി 16095/- രൂപയും ഉൾപ്പടെ 961484/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അടാട്ട് മാതൃകയിലെ പരിപാലനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളൊന്നും പാലിച്ചിട്ടില്ലെന്ന് കാണുന്ന വിശദവിവരം ചുവടെ ചേർക്കുന്നു.

1) തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം കെ.എസ്.ഇ.ബി അധികൃതരും തദ്ദേശസ്വയം ഭരണാധികാരികളും സംയുക്ത പരിശോധന നടത്തി പോസ്റ്റ് നം. സഹിതം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) തെരുവ്വിളക്ക് മെയിന്റനൻസ് രജിസ്റ്ററിൽ മെയിന്റനൻസ് നടത്തേണ്ട തെരുവ് വിളക്കുകളുടെ പോസ്റ്റ് നം രേഖപ്പെടുത്തുന്നുണ്ടെങ്കിലും അറ്റകുറ്റപ്പണി നടത്തിയ തീയതിയോ ഇലക്ട്രീഷ്യന്റെ ഒപ്പോ നോഡൽ ഓഫീസറുടെ ഒപ്പോ ഇല്ല. പ്രസ്തുത രജിസ്റ്ററിലെ രേഖപ്പെടുത്തലുകളാണ് ഇലക്ട്രീഷ്യന്മാർക്ക് വേതനം നല്കുന്നതിനുള്ള

രേഖയെന്നതിനാൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

3) മാർഗ്ഗരേഖകളിൽ ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്നും കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ എെറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഈ രജിസ്റ്ററുകൾ റിക്കൺസിൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത തീയതിയോ വിതരണം ചെയ്ത തീയതിയോ രേഖപ്പെടുത്തുന്നില്ല. വിതരണം ചെയ്തവയുടെ എണ്ണവും കൈപ്പറ്റിയവരുടെ ഒപ്പും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുമ്പോൾ പെർഫോമൻസ് ഗ്യാരന്റി ആവശ്യപ്പെടണമെന്നും ടി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പാലിച്ചിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് സുതാര്യമായ രീതിയിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്. പ്രസ്തുത വിഷയങ്ങൾ സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം – 1/4-3-21

## 1-25 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നം, പേര്, അടങ്കൽ തുക, ഫണ്ട് | ചെലവഴിച്ച തുക (ബിൽ നം) | തടസ്സപ്പെടുത്തുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 81/20, സ്ട്രീറ്റ് മെയിൻ വലിക്കൽ, 1164587/-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 9094/- (ബിൽ നം82/31-3-20,) | 9094/- | പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| 2 | 125/20, അംഗൻവാടികൾക്കും ആയുർവ്വേദ ഡിസ്പെൻസറിക്കും വൈദ്യുതീകരണം, 149625/-, ധനകാര്യകമ്മീഷൻ ഗ്രാന്റ് | 149625/- (ബിൽ നം 24/22-7-19) | 149625/- | പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| 3 | 204/20, പനയം മാർക്കറ്റിലേക്ക് ഇലക്ട്രിക്കൽ കേബിൾ വലിക്കൽ, 30707/-, വികസനഫണ്ട് ജനറൽ | 30707/- (ബിൽ നം 65/24-2-20 | 30707/- | പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| | | ആകെ | 189426 | |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു, പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

മേൽ വിവരം സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം – 1/4-3-21

1-26 ലൈഫ് ഭവനനിർമ്മാണ പദ്ധതി -പണി പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് വീട്ടു നിർമ്മാണത്തിന് ധനസഹായം നൽകാൻ ആവിഷ്കരിച്ചതാണ് പ്രസതുത പദ്ധതി പ്രകാരം 2018-19 വർഷം ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ – 193, 194 (186/18-19)

പ്രോജക്ട് – ലൈഫ് രണ്ടാം ഘട്ടം എസ്.സി

നിർവഹണഉദ്യോഗസ്ഥൻ - വി.ഇ.ഒ

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ വിവരങ്ങൾ | അഡ്വാൻസ് തുക കൈപ്പറ്റിയ തീയതി | നോട്ടീസ് നൽകിയ തീയതി | തുടർനടപടി വിവരങ്ങൾ |
|---|---|---|---|
| രജ്ഞിലാംബിക<br>അശ്വനിഭവൻ, ചിറ്റയം<br>അക്കൗണ്ട് നമ്പർ<br>67085558719 | 11-9-18/40000/- | 18-7-19 | തുടർനടപടി സ്വീകരിച്ചിട്ടില്ല |
| സിന്ധു. റ്റി. ചന്ദ്രസേനൻ,<br>അമ്പാടി, പനയം<br>അക്കൗണ്ട് നമ്പർ<br>284510100022203 | 11-9-18/40,000/-<br>14-3-19-64435/-(ബ്ലോക്ക് )<br>25-3-19--95565/-(ജില്ലാ) | 18-7-19 | തുടർനടപടി സ്വീകരിച്ചിട്ടില്ല |

ഈ വിഷയത്തിൻ മേൽ തുടർനടപടി വിവരങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,40,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസതുത ഗുണഭോക്താക്കളെ കൊണ്ട് പണി പൂർത്തീകരിപ്പിക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 6/8-3-21

1-27 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2019-20 സാമ്പത്തികവർഷത്തെ തൊഴിൽനികുതി രജിസ്റ്ററും സ്റ്റേറ്റുമെന്റും പരിശോധിച്ചതിൽ പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ഗവ.എച്ച്.എസ്, പണയിൽ | II |
| 2 | എസ്സ്.കെ.വി.യു.പി.എസ്. ചെമ്മക്കാട് | II |
| 3 | എം.ഇ.എസ് ഇംഗ്ലീഷ് സ്കൂൾ, കണ്ടച്ചിറ | II |
| 4 | ഇർഷാദിയ പബ്ലിക്ക് സ്കൂൾ, ചാത്തിനാംകുളം | I &II |
| 5 | മാവേലി സ്റ്റോർ, പനയം | II |
| 6 | കായൽവാരത്ത് ആയുർവ്വേദാശുപത്രി, പനയം | II |
| 7 | റെയിൽവേ സ്റ്റേഷൻ, പെരിനാട് | II |

| | | |
|---|---|---|
| 8 | നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് | II |

മേൽജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനും പഞ്ചായത്തുപരിധിയിലുള്ള റേഷൻ വ്യാപാരികൾ, അഭിഭാഷകർ, കരാറുകാർ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, എൻജിനീയർമാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിനും നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും പഞ്ചായത്തുപരിധിയിലുള്ള റേഷൻ വ്യാപാരികൾ, അഭിഭാഷകർ, കരാറുകാർ, സ്വകാര്യ പ്രക്ടീസ് നടത്തുന്ന ഡോക്ടർമാർ, എൻജിനീയർമാർ എന്നിവരിൽ നിന്നും തൊഴിൽനികുതി നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

<u>1-28 സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.</u>

2019-20 സാമ്പത്തികവർഷത്തെ തൊഴിൽനികുതി രജിസ്റ്ററും സ്റ്റേറ്റുമെന്റും പരിശോധിച്ചതിൽ പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ, പനയം | I &II |
| 2 | കായൽവാരത്ത് ആയുർവ്വേദാശുപത്രി, പനയം | I &II |
| 3 | നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് | I &II |
| 4 | റെയിൽവേ സ്റ്റേഷൻ, പെരിനാട് | I &II |
| 5 | പനയം പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I &II |
| 6 | ബി.എസ്.എൻ.എൽ, പെരിനാട് | I &II |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
എൻക്വയറി നം. – 10/9.3.2021

<u>1-29 ഇ-ടെണ്ടർഫാറം വില ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല.</u>

ഗ്രാമപഞ്ചായത്തിൽ തൻവർഷം 14 പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഈ ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ 31769രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നാളിതു വരെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. ഇ-ടെണ്ടർ ചെയ്തിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് ആയത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

<u>1-30 10-ാം തരം തുല്യത പരീക്ഷ-രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.</u>

പ്രോജക്റ്റ് നം. – SO0124/20

അടങ്കൽ – 81400/- (വികസനഫണ്ട്)

ചെലവ് – 81400/- (ബിൽ നം-2/19-20/5.8.19)

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം 10-ാം തരം തുല്യതാകോഴ്സിനുള്ള ഫീസിനത്തിൽ 44 പഠിതാക്കൾക്ക് 1850 രൂപ നിരക്കിൽ 81400 രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ ലിസ്റ്റ്, തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, പരീക്ഷ പാസ്സായതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 81400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം. – 11/9/3.2021

തടസ്സപ്പെടുത്തിയ തുക - 81400/- രൂപ

<u>1-31 12-ാം തരം തുല്യത പരീക്ഷ-രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.</u>

പ്രോജക്ട് നം. – SO0123/20

അടങ്കൽ - 93900/- (വികസനഫണ്ട്)

ചെലവ് – 93900/- (ബിൽ നം – 1/19-20/5.8.19)

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം 12-ാം തരം തുല്യതാകോഴ്സിനായി 35 പഠിതാക്കൾക്ക് 2500/- രൂപ നിരക്കിൽ 87500/- രൂപയും എസ്.സി വിഭാഗത്തിൽപ്പെട്ട 27 പഠിതാക്കൾക്ക് 320/- രൂപ നിരക്കിൽ6400/-രൂപയും ഉൾപ്പെടെ ആകെ 93900/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ ലിസ്റ്റ്, തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, പരീക്ഷ പാസ്സായതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 93900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം. – 11/9/3.2021

<u>1-32 നിലവാരമില്ലാത്ത നിർമ്മാണ പ്രവൃത്തി-പരാതിയിൻമേൽ തുടർനടപടികൾ സ്വീകരിച്ചില്ല-കരാർ കാലാവധി ലംഘിച്ചു-പിഴ ഈടാക്കിയില്ല</u>

പ്രോജക്ട് നം. – 133/20 – പടിഞ്ഞാറേ ചീപ്പ് തൊടിയിൽ കായൽ വാരം റോഡ് കോൺക്രീറ്റ് (വാർഡ് 10)

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എൻജിനീയർ,എൽ.എസ്.ജി.ഡി
പേര്- ശ്രീമതി നീതു ചന്ദ്രൻ
അടങ്കൽ തുക - 1,81,074/ രൂപ- (ധനകാര്യ കമ്മീഷൻ ഗ്രാൻറ്)
കരാറുകാരൻ - ശ്രീ. ദേവരാജൻ ബി., ചിറക്കോണത്ത് ചരുവിള വീട് , ഇരുമ്പനങ്ങാട്, എഴുകോൺ
എഗ്രിമെന്റ്നം. – 8/AE/എൽ.എസ്.ജി.ഡി/പി.എൻ.വൈ/18-19/27.06.2018
ടി.എസ്.നം. 1299/18-19 തീ.23.04.18
എം.ബുക്ക് നം. 62/18-19
ബിൽ നം. 13/10.06.2019, ബിൽ നം. 16/26.07.2019
എഗ്രീഡ് പി.എ.സി. - 1,81,074/-രൂപ
പ്രവൃത്തിമൂല്യം : 1,61,657/-രൂപ

ആകെ നികുതി ഇനത്തിൽ 3,251/- രൂപ കുറവ് ചെയ്ത് കരാറുകാരന് അനുവദിച്ച തുക -1,58,406/- രൂപ

പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം – 4 മാസം

സൈറ്റ് ഹാൻഡ് ഓവർ തീയതി – 27.06.2018

പ്രവൃത്തി ആരംഭിച്ച തീയതി : 18.02.2019

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 22.03.2019

കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി : 26.10.2018

വൈകിയ കാലയളവ് : 146 ദിവസം

കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C തുകയുടേ 0.1% തുക, വൈകിയ ഓരോ ആഴ്ച്ചയും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ.

അതിനാൽ ഈടാക്കേണ്ട ഫൈൻ : 3,777/- രൂപ (1,81,074/- X.1% /7 X 146 )

ഗ്രാമപഞ്ചായത്ത് അംഗം ശ്രീ. അനുമോൻ, നിർമ്മാണത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് 31.12.2019 –ന് ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10.01.2020- ലെ അജണ്ട 9-ലെ തീരുമാനത്തിൽ ഉത്തരവാദിയായ കോൺട്രാക്ടർക്കെതിരെ നോട്ടീസ് നൽകുന്നതിന് അസി. എൻജിനീയർക്ക് നിർദ്ദേശം നൽകിയെങ്കിലും ആയത് പാലിയ്ക്കപ്പെട്ടിട്ടില്ല.

കരാറുകാരനെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാത്തതിന് കാരണം തേടി അസിസ്റ്റന്റ് എൻജിനീയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, കരാറുകാരന് കത്തും തുടർന്ന് ഓർമ്മക്കുറിപ്പും നൽകിയെന്നും മറുപടി തൃപ്തികരമല്ലെങ്കിൽ സെക്യൂരിറ്റി ഡെപ്പോസിൽ നിന്നും തുക ഈടാക്കും എന്നുമാണ് മറുപടി ലഭിച്ചത് (നം . 1/Gen/AE/LSGD/TKRA/19-20 തീ.10.03.21). എന്നാൽ മറുപടിയെ സാധൂകരിയ്ക്കുന്ന രേഖകൾ ഒന്നും ഹാജരാക്കിയില്ല.

08.03.2021-ന് മുൻ ഗ്രാമപഞ്ചായത്ത് അംഗത്തിന്റെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത റോഡിന്റെ പല ഭാഗങ്ങളും പൊട്ടി പൊളിഞ്ഞും, കുഴിഞ്ഞും പോയിട്ടുള്ളതായി ബോധ്യപ്പെട്ടു.







22.03.19-ന് പൂർത്തിയാക്കി മൂല്യനിർണ്ണയം നടത്തിയ റോഡ് ഏതാനും മാസങ്ങൾക്കകം തകർന്നതിന് കരാറുകാരൻ ഉത്തരവാദിയാണ്. ടിയാനെതിരെ നടപടികൾ സ്വീകരിക്കാതിരുന്ന അസി. എൻജിനീയറുടെ വീഴ്ചയും പ്രത്യേകം പരാമർശിക്കുന്നു. ഡിഫക്റ്റ് ലൈബിലിറ്റി കാലാവധിയ്ക്കുള്ളിൽ (G.O.(MS) No. 73/2013/Pwd/തീ.31.8.13) സംഭവിക്കുന്ന അപാകതകൾ കരാറുകാരൻ പരിഹരിയ്ക്കുന്നില്ലെങ്കിൽ ടിയാന്റെ നഷ്ടോത്തരവാദത്തിൽ ആയത് നിർവ്വഹിക്കേണ്ടതാണ്.

മേൽ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 3 / 06.03.2021

1-33 ദേശീയ തൊഴിൽ ഉറപ്പ് പദ്ധതി –കുളം നിർമ്മാണം -സ്ഥലമുടമ കുളം നികത്തി വീട് നിർമ്മിക്കുന്നു-നടപടി സ്വീകരിച്ചില്ല- 56,762/-രൂപ പാഴ്ച്ചെലവായി

പ്രവൃത്തിയുടെ പേര് - കാർഷിക ആവശ്യത്തിനായി കുളം നിർമ്മാണം-വാർഡ് 13
വർക്ക് കോഡ് : 1613004004/IF/418506
ടി. എസ്. നം. 114229/ടി. എസ്./3.06.2019
മസ്റ്റർ റോൾ നം. 3547-3550
പ്രവൃത്തി നടത്തിയ കാലയളവ് – 12.07.2019 മുതൽ 25.07.2019
എസ്റ്റിമേറ്റ് നം. 114229/2019 – തുക 83,918/-രൂപ
എം. ബുക്ക് നം. 6/2019-2020 , പേജ് 1, 2
അനുവദിച്ച തൊഴിൽ കൂലി (ഉപകരണ വാടക ഉൾപ്പെടെ)
- 56,762/- രൂപ
എഫ്. ടി. ഒ നം. 153639/26.7.19 – 47,489/- രൂപ
എഫ്. ടി. ഒ നം. 153637/26.7.19 – 9,273/- രൂപ
പനയം വില്ലേജിലെ വാർഡ് നം. 13-ലെ 268/13/2 സർവ്വെ നമ്പരിൽ അമ്പഴവയൽ എന്ന സ്ഥലത്ത് ശ്രീമതി ലതികകുമാരി /ശ്രീ. ഗോപാലകൃഷ്ണപിള്ള എന്നിവരുടെ ഉടമസ്ഥതയിലുള്ള 6 ആർ സ്ഥലത്ത് കാർഷിക ആവശ്യത്തിനുള്ള കുളം നിർമ്മിക്കുന്നതിന് 9.07.2019-ന് ശ്രീമതി ലതികകുമാരി അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾ നടത്തിയത്.

എസ്റ്റിമേറ്റിൽ സൈറ്റ് ക്ലീയറൻസ് ( 1050 M2), എർത്ത് വർക്ക് എക്സ്കവേഷൻ (448 M3 ), കുളത്തിന് ചുറ്റം ബൻഡ് നിർമ്മാണം (15m3), ബയൊ ഫെൻസിംഗ് (50 M2) എന്നീ ഇനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട മൂല്യനിർണ്ണയ പുസ്തകത്തിൽ

മെഷർമെൻറ് എടുത്ത തീയതി, അളവുകൾ, അനുവദനീയമായ തുക, ചെക്ക് മെഷർമെന്റ് നടത്തിയ തീയതി, അന്തിമ മൂല്യ നിർണ്ണയം എന്നിവ രേഖപ്പെടുത്തി ചുമതലപ്പെട്ട ഓവർസീയർ / എൻജിനീയർ സാക്ഷ്യപ്പെടുത്തി ബിൽ അന്തിമമാക്കിയിട്ടില്ല.

തൊഴിലാളികൾക്ക് കൂലി ഇനത്തിൽ 56,762/- രൂപ (തൊഴിലാളികൾക്ക് - 202 മനുഷ്യദിനങ്ങൾ പ്രവൃത്തി നടത്തിയതിന് പ്രതിദിനം 271/- രൂപ ക്രമത്തിൽ 54,742/- രൂപയും, ഉപകരണ വാടക 2020/- രൂപയും ഉൾപ്പെടെ) അനുവദിച്ചത് തീയതി രേഖപ്പെടുത്താത്ത Weekly Valuation Certificate-ന്റെ അടിസ്ഥാനത്തിലാണ്.

ഇതിൽ സൈറ്റ് ക്ലീയറൻസ് (900 M2), എർത്ത് വർക്ക് എക്സ്കവേഷൻ (334.5 M3 ), എന്നിവ നടത്തിയതിൻ്റെ ആകെ മൂല്യമായി 54,855/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സാക്ഷ്യപ്പെടുത്തിയത് ശ്രീമതി ചിപ്പി സജീവ്, എൻ. ആർ. ഇ. ജി. എസ് . ഓവർസീയറാണ്.
പ്രസ്തുത പ്രവൃത്തി സ്ഥലം 09.03.2021-ന് ശ്രീമതി ചിപ്പി സജീവ്, എൻ. ആർ. ഇ. ജി. എസ്. ഓവർസീയർ, ശ്രീമതി ഫെമിന എ. എൻ. അക്രഡിറ്റഡ് എൻജിനീയർ എന്നിവരുടെ സാന്നിധ്യത്തിൽ പ്രാദേശിക പരിശോധന നടത്തിയതിൽ, കുളം നിലവിൽ ഉണ്ടായിരുന്നുവെന്ന് പറയപ്പെടുന്ന സ്ഥാനത്ത് ഒരു കോൺക്രീറ്റ് കെട്ടിടത്തിന്റെ അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായാണ് ബോധ്യപ്പെട്ടത്.




ടി വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ, പ്രവൃത്തി നടത്തിയ സമയത്ത് മഴ വെള്ളം നിമിത്തം കുളത്തിലേയ്ക്ക്, പ്രവൃത്തിയിൽ നീക്കം ചെയ്ത മണ്ണ് തന്നെ ഇടിഞ്ഞു വീഴാൻ തുടങ്ങിയതിനാൽ നിർമ്മാണം താൽക്കാലികമായി നിർത്തിവച്ചതായും പിന്നീട് പ്രവൃത്തി പുനരാരംഭിക്കുന്നതിനായി സ്ഥലം സന്ദർശിച്ചപ്പോൾ ഭൂവുടമ സ്ഥലം നികത്തിയതായി കണ്ടുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ കുളങ്ങളും ജല സംഭരണികളും നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട 02.03.2009-ലെ 14829/DD2/09/LSGD സർക്കുലർ പ്രകാരം, പൊതുജനങ്ങൾക്ക് തടസമില്ലാതെ ജലം ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്ത് ഗ്രാമപഞ്ചായത്ത് സ്ഥലം ഉടമയുമായി മുദ്ര പത്രത്തിൽ കരാർ വയ്ക്കണം. കരാർ ലംഘനമുണ്ടായാൽ ചെലവ് തുകയുടെ 12% പലിശ സഹിതം സ്ഥലമുടമ തിരിച്ചടയ്ക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്യണം. ഇത്തരത്തിൽ ഒരു കരാർ സ്ഥലമുടമയുമായി ഗ്രാമപഞ്ചായത്ത് ഏർപ്പെട്ടില്ലാത്തത് ഗുരുതരമായ വീഴ്ചയാണ്.
ടി പ്രവൃത്തിയിൽ ആകെ ചെലവഴിച്ച 56,762/-രൂപ പാഴ്ച്ചെലവായതിനാൽ ഇതിനു ഉത്തരവാദിയായവർ ഓവർസീയർ ശ്രീമതി ചിപ്പി സജീവ്, എൻ. ആർ. ഇ. ജി. എസ് വിഭാഗത്തിന്റെ മേൽനോട്ട ചുമതലയുള്ള ശ്രീ. റാണി, അസി. സെക്രട്ടറി എന്നിവരാണ്.

പൊതുപണം ചെലവഴിച്ച് കുളം കുഴിക്കുന്നതിനായി അപേക്ഷ നൽകുകയും പ്രവൃത്തി നടന്നുവരികെ നിയമവിരുദ്ധമായി കുളം നികത്തി കെട്ടിട നിർമ്മാണം നടത്തുന്ന സ്ഥലമുടമ ശ്രീമതി ലതികകുമാരിക്കെതിരെ ഗ്രാമപഞ്ചായത്ത് നിയമ നടപടി സ്വീകരിക്കേണ്ടതാണ്. കുളം നിർമ്മാണത്തിനായി ചെലവഴിച്ച തുക ടിയാളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും 56,762/-രൂപ തുല്യമായി ഈടാക്കി രേഖ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. - 2/5.3.2021

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

3-1 ദേശീയ തൊഴിൽ ഉറപ്പ് പദ്ധതി –കുളം നിർമ്മാണം -സ്ഥലമുടമ കുളം നികത്തി വീട് നിർമ്മിക്കുന്നു-നടപടി സ്വീകരിച്ചില്ല- 56,762/-രൂപ പാഴ്ച്ചെലവായി

പ്രവൃത്തിയുടെ പേര് - കാർഷിക ആവശ്യത്തിനായി കുളം നിർമ്മാണം – വാർഡ് 13
വർക്ക് കോഡ് : 1613004004/IF/418506
ടി. എസ്. നം. 114229/ടി. എസ്./3.06.2019
മസ്റ്റർ റോൾ നം. 3547-3550
പ്രവൃത്തി നടത്തിയ കാലയളവ് – 12.07.2019 മുതൽ 25.07.2019
എസ്റ്റിമേറ്റ് നം. 114229/2019 – തുക – 83,918/- രൂപ
എം.ബുക്ക് നം. 6/2019-2020, പേജ് 1, 2
അനുവദിച്ച തൊഴിൽ കൂലി (ഉപകരണ വാടക ഉൾപ്പെടെ)
- 56,762/- രൂപ
എഫ്. ടി. ഒ നം. 153639/26.7.19 – 47,489/- രൂപ
എഫ്. ടി. ഒ നം. 153637/26.7.19 – 9,273/- രൂപ

പനയം വില്ലേജിലെ വാർഡ് നം. 13-ലെ 268/13/2 സർവ്വേ നമ്പരിൽ അമ്പഴവയൽ എന്ന സ്ഥലത്ത് ശ്രീമതി. ലതികകുമാരി / ശ്രീ. ഗോപാലകൃഷ്ണപിള്ള എന്നിവരുടെ ഉടമസ്ഥതയിലുള്ള 6 ആർ സ്ഥലത്ത് കാർഷിക ആവശ്യത്തിനുള്ള കുളം നിർമ്മിക്കുന്നതിന് 9.07.2019 –ന് ശ്രീമതി. ലതികകുമാരി അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾ നടത്തിയത്.

എസ്റ്റിമേറ്റിൽ സൈറ്റ് ക്ലീയറൻസ് ( 1050 M2), എർത്ത് വർക്ക് എക്സ്കവേഷൻ (448 M3), കുളത്തിന് ചുറ്റും ബൻഡ് നിർമ്മാണം (15m3), ബയോ ഫെൻസിംഗ്(50 M2) എന്നീ ഇനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട മൂല്യ നിർണ്ണയ

പുസ്തകത്തിൽ മെഷർമെന്റ് എടുത്ത തീയതി, അളവുകൾ , അനുവദനീയമായ തുക, ചെക്ക് മെഷർമെന്റ് നടത്തിയ തീയതി, അന്തിമ മൂല്യ നിർണ്ണയം എന്നിവ രേഖപ്പെടുത്തി ചുമതലപ്പെട്ട ഓവർസീയർ /എൻജിനീയർ സാക്ഷ്യപ്പെടുത്തി ബിൽ അന്തിമമാക്കിയിട്ടില്ല.

തൊഴിലാളികൾക്ക് കൂലി ഇനത്തിൽ 56,762/- രൂപ (തൊഴിലാളികൾക്ക് - 202 മനുഷ്യദിനങ്ങൾ പ്രവൃത്തി നടത്തിയതിന് പ്രതിദിനം 271/- രൂപ ക്രമത്തിൽ 54,742/- രൂപയും, ഉപകരണ വാടക 2020/- രൂപയും ഉൾപ്പെടെ) അനുവദിച്ചത് തീയതി രേഖപ്പെടുത്താത്ത Weekly Valuation Certificate-ന്റെ അടിസ്ഥാനത്തിലാണ്.

ഇതിൽ സൈറ്റ് ക്ലീയറൻസ് (900 M2), എർത്ത് വർക്ക് എക്സ്കവേഷൻ (334.5 M3 ), എന്നിവ നടത്തിയതിന്റെ ആകെ മൂല്യമായി 54,855/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സാക്ഷ്യപ്പെടുത്തിയത് ശ്രീമതി ചിപ്പി സജീവ്, എൻ. ആർ. ഇ. ജി. എസ്. ഓവർസീയറാണ്. പ്രസ്തുത പ്രവൃത്തി സ്ഥലം 09.03.2021-ന് ശ്രീമതി ചിപ്പി സജീവ്, എൻ. ആർ. ഇ. ജി. എസ്. ഓവർസീയർ, ശ്രീമതി ഫെമിന എ. എൻ. അക്രഡിറ്റഡ് എൻജിനീയർ എന്നിവരുടെ സാന്നിധ്യത്തിൽ പ്രാദേശിക പരിശോധന നടത്തിയതിൽ, കുളം നിലവിൽ ഉണ്ടായിരുന്നുവെന്ന് പറയപ്പെടുന്ന സ്ഥാനത്ത് ഒരു കോൺക്രീറ്റ് കെട്ടിടത്തിന്റെ അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായാണ് ബോധ്യപ്പെട്ടത്.





ടി വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ, പ്രവൃത്തി നടത്തിയ സമയത്ത് മഴ വെള്ളം നിമിത്തം കുളത്തിലേയ്ക്ക്, പ്രവൃത്തിയിൽ നീക്കം ചെയ്ത മണ്ണ് തന്നെ ഇടിഞ്ഞു വീഴാൻ തുടങ്ങിയതിനാൽ നിർമ്മാണം താൽക്കാലികമായി നിർത്തിവച്ചതായും പിന്നീട് പ്രവൃത്തി പുനരാരംഭിക്കുന്നതിനായി സ്ഥലം സന്ദർശിച്ചപ്പോൾ ഭൂവുടമ സ്ഥലം നികത്തിയതായി കണ്ടുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ കുളങ്ങളും ജല സംഭരണികളും നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട 02.03.2009-ലെ 14829/DD2/09/LSGD സർക്കുലർ പ്രകാരം,പൊതുജനങ്ങൾക്ക് തടസമില്ലാതെ ജലം ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്ത് ഗ്രാമപഞ്ചായത്ത് സ്ഥലം ഉടമയുമായി മുദ്ര പത്രത്തിൽ കരാർ വയ്ക്കണം. കരാർ ലംഘനമുണ്ടായാൽ ചെലവ് തുകയുടെ 12% പലിശ സഹിതം സ്ഥലമുടമ തിരിച്ചടയ്ക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്യണം. ഇത്തരത്തിൽ ഒരു കരാർ സ്ഥലമുടമയുമായി ഗ്രാമപഞ്ചായത്ത് ഏർപ്പെട്ടില്ലാത്തത് ഗുരുതരമായ വീഴ്ചയാണ്.

ടി പ്രവൃത്തിയിൽ ആകെ ചെലവഴിച്ച 56,762/-രൂപ പാഴ്ചെലവായതിനാൽ ഇതിനു

ഉത്തരവാദിയായവർ ഓവർസീയർ ശ്രീമതി ചിപ്പി സജീവ്, എൻ. ആർ. ഇ. ജി. എസ് വിഭാഗത്തിന്റെ മേൽനോട്ട ചുമതലയുള്ള ശ്രീ. റാണി, അസി. സെക്രട്ടറി എന്നിവരാണ്.

പൊതുപണം ചെലവഴിച്ച് കുളം കുഴിക്കുന്നതിനായി അപേക്ഷ നൽകുകയും പ്രവൃത്തി നടന്നുവരികെ നിയമവിരുദ്ധമായി കുളം നികത്തി കെട്ടിട നിർമ്മാണം നടത്തുന്ന സ്ഥലമുടമ ശ്രീമതി ലതികകുമാരിക്കെതിരെ ഗ്രാമപഞ്ചായത്ത് നിയമ നടപടി സ്വീകരിക്കേണ്ടതാണ്. കുളം നിർമ്മാണത്തിനായി ചെലവഴിച്ച തുക ടിയാളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും 56,762/- രൂപ തുല്യമായി ഈടാക്കി രേഖ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 2/5.3.2021

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | | കെ.എസ്.എ.കെ.എൽ.എം പി |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2019 | 1262000 | ലൈഫ് (ജനറൽ) | 1260000 | 2000 |
| ബ്ലോക്ക്പഞ്ചായത്ത് | 2019 | 700000 | ലൈഫ് (എസ്.സി.പി) | 700000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2019 | 1040000 | ലൈഫ് അധികവിഹിതം (എസ്.സി.പി) | 1040000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2019 | 59500 | സമഗ്ര നെൽക്കൃഷി | 59500 | |
| ബ്ലോക്ക്പഞ്ചായത്ത് | 2019 | 100000 | റോഡ് കോൺക്രീറ്റിംഗ് | 100000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2019 | 50000 | റോഡ് കോൺക്രീറ്റിംഗ് | 50000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2019 | 50000 | റോഡ് കോൺക്രീറ്റിംഗ് | 50000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2019 | 96749 | റോഡ് കോൺക്രീറ്റിംഗ് | 96749 | |
| ബ്ലോക്ക്പഞ്ചായത്ത് | 2019 | 225072 | അംഗൻവാടി പോഷകാഹാരം (ജനറൽ) | 225072 | |
| ബ്ലോക്ക്പഞ്ചായത്ത് | 2019 | 300000 | പാലിന് സബ്സിഡി | 300000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2019 | 700000 | പാലിന് സബ്സിഡി | 700000 | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി

തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി | അംഗൻവാടി വയറിംഗ് | 453930/16.8.19 | 149625 | 149625 | - |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | 204166 | 204166 | - |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച /വരവില്ല 12011/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-20 | 3000 | രജിത, ബി.ആർ.സി ടീച്ചർ | 119010103122/29.1.20 |
| | | 3000 | രജിത, ബി.ആർ.സി ടീച്ചർ | 119010101547/19.9.2019 |
| | | 3000 | രജിത, ബി.ആർ.സി ടീച്ചർ | 119010101365/21.8.2019 |
| | | 3000 | രജിത, ബി.ആർ.സി ടീച്ചർ | 119010101055/11.7.2019 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

1) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 56762 | ശ്രീമതി. നീതു ചന്ദ്രൻ, അസി. എൻജിനീയർ |
| ആകെ | 56762 | |

2) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1.11 | 63000 | ശ്രീമതി. നീതു ചന്ദ്രൻ, അസി. എൻജിനീയർ |
| 1-13 | 178217 | ശ്രീമതി. സബീന. എം, അസി. എൻജിനീയർ |
| 1-16 | 227200 | ഗീതാഭായിതങ്കച്ചി, എച്ച്. എം |
| 1-17 | 136218 | ശ്രീമതി. റാണി. എം. വി, അസി. സെക്രട്ടറി |
| 1-18 | 9700 | ശ്രീ. സുനീഷ്കുമാർ, സെക്രട്ടറി |
| 1-19 | 50000 | സന്ധ്യ. റ്റി, വി.ഇ.ഒ |
| 1-21 | 440000 | ശ്രീ. സുനീഷ്കുമാർ, സെക്രട്ടറി |
| 1-22 | 41400 | ശ്രീ. സുനീഷ്കുമാർ, സെക്രട്ടറി |
| 1-23 | 49780 | ശ്രീ. സുനീഷ്കുമാർ, സെക്രട്ടറി |
| 1-25 | 189426 | ശ്രീ. സുനീഷ്കുമാർ, സെക്രട്ടറി |
| 1-26 | 240000 | സന്ധ്യ. റ്റി, വി.ഇ.ഒ |
| 1-30 | 81400 | ഗീതാഭായിതങ്കച്ചി, എച്ച്.എം |
| 1-31 | 93900 | ഗീതാഭായിതങ്കച്ചി, എച്ച്.എം |
| ആകെ | 1800241 | |

3) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

4) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

5) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. നീതു ചന്ദ്രൻ,<br>അസി. എൻജിനീയർ | അസി. ഹൈവേ എൻജിനീയർ,<br>ഹൈവേ ഡിസൈൻ യൂണിറ്റ്<br>പി.ഡബ്ല്യൂ.ഡി, പബ്ലിക്ക് ഓഫീസ്<br>ബിൽഡിംഗ്, മ്യൂസിയം. പി. ഒ,<br>തിരുവനന്തപുരം | മണിദീപം, ഓലയിൽ,<br>തേവള്ളി |
| ശ്രീമതി. സബീന. എം,<br>അസി. എൻജിനീയർ | അസി. എൻജിനീയർ,<br>പനയം ഗ്രാമപഞ്ചായത്ത് | രാഹം, വാറുവിള,<br>വെള്ളപ്പിൾമുക്ക്, മയ്യനാട് |
| ശ്രീ. സുനീഷ്കുമാർ,<br>സെക്രട്ടറി | സെക്രട്ടറി,<br>പനയം ഗ്രാമപഞ്ചായത്ത് | സുനീഷ് ഭവൻ, പെരുമൺ |
| | | |

| | | |
|---|---|---|
| ശ്രീമതി. റാണി. എം. വി, അസി. സെക്രട്ടറി | അസി. സെക്രട്ടറി, വി.ഇ.ഒ | മംഗലത്ത് പുത്തൻവീട്, കട്ടയിൽ, ഓടനാവട്ടം |
| സന്ധ്യ. റ്റി, വി.ഇ.ഒ | വി.ഇ.ഒ, പനയം ഗ്രാമപഞ്ചായത്ത് | സരശ്രീഭവൻ, ചിറ്റയം, ഇഞ്ചവിള. പി. ഒ., പെരുമൺ |
| ഗീതാഭായിതങ്കച്ചി, എച്ച്.എം | എച്ച്.എം., ഗവ. എൽ.പി.സ്കൂൾ, പനയം | ഗീതാഞ്ജലി, ചിറക്കര, മതിലിൽ. പി.ഒ, കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.കെ.എൽഎം. പി4-366/2018 ,28-02-2018 | 4 |
| 2003-04 & 2004-05 | കെ.എസ്.എ.കെ.എൽഎം. പി4-588/2018 ,12.04.2018 | 1 |
| 2006-07 | കെ.എസ് . എ-കെ.എൽ.എം- പി4-777(1)/19,തീ.7.06.19 | 1 |
| 2007-08 | കെ.എസ് . എ-കെ.എൽ.എം- പി4-777(2)/19,തീ.7.06.19 | 3 |
| 2008-09 | കെ.എസ് . എ-കെ.എൽ.എം- പി4-777(3)/19,തീ.7.06.19 | 4 |
| 2009-10 | കെ.എസ് . എ-കെ.എൽ.എം- പി4-777(4)/19,തീ.7.06.19 | 4 |
| 2010-11 | കെ.എസ് . എ-കെ.എൽ.എം- പി4-777(5)/19,തീ.7.06.19 | 5 |
| 2011-12 | എൽ.എഫ്.ക്യൂ പി6-870/14/07.10.14 | 1 |
| 2012-13 | കെ.എസ്എ.കെഎൽ എം.പി4-1716/17/10.05.18 | 11 |
| 2013-14 | കെ.എസ്എ.കെഎൽ എം.പി6-40/16/30.05.16 | 10 |
| 2014-15 | കെ.എസ്എ.കെഎൽ എം.പി4-1144/16/13.04.17 | 19 |
| 2015-16 | കെ.എസ്എ.കെഎൽ എം.പി4-41/17/01.12.2017 | 16 |
| 2016-17 | കെ.എസ്എ.കെഎൽ എം.പി4-1073/17, 24.04.2018 | 10 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി4-1393/2018, 07.12.2018 | 31 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി4-995/2019, 07.08.2019 | എല്ലാ ഖണ്ഡികകളും |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്